അതിനുവേണ്ടിയുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും തുടരുന്നതാണ്. ഇതിന്റെ ഭാഗമായി പ്രധാന ബാങ്കുകളുടെ ചീഫ് എക്സിക്യൂട്ടീവുകളുടെ ഒരു യോഗം വരുന്ന 19-ാം തീയതി ഞാൻ വിളിച്ചിട്ടുണ്ട്. ആ ചർച്ചയിൽ ഇതിനൊരു പോംവഴി കാണാൻ ഗവണ്മെന്റ് ശ്രമിക്കും. കേരളത്തിന്റെ എക്കണോമിയെ സംബന്ധിച്ചിടത്തോളം ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. അതുകൊണ്ട് അത് അർഹിക്കുന്ന ഗൗരവത്തോടുകൂടി ഗവണ്മെന്റ് കൈകാര്യം ചെയ്യുന്നതാണ്.

(4) നെട്ടൂർ-കണ്ടന്നൂർ പാലത്തിന്റെ പണി

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, എറണാകുളം ജില്ലയിലെ മരട് പഞ്ചായത്തിലൂടെയാണ് നാഷണൽ ഹൈവേ 47 കടന്നുപോകുന്നത്. കൂടാതെ കൊച്ചി മധുര ഹൈവേയും ഈ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. എന്നാൽ ഈ സൗകര്യങ്ങളുടെ ഗുണഫലം ലഭിക്കാത്ത വലിയൊരു ജനവിഭാഗം താമസിക്കുന്ന പ്രദേശമാണ് നെട്ടൂർ വടക്കുംഭാഗം. ഇവർക്ക് കിലോമീറ്ററോളം ചുറ്റി സഞ്ചരിച്ചാൽ മാത്രമേ പ്രധാനപ്പെട്ട വഴിയിൽ എത്തിച്ചേരാൻ കഴിയുകയുള്ളൂ. ഇത് പരിഹരിക്കുന്നതിനുവേണ്ടി നെട്ടൂർ-വടക്കുംഭാഗത്തെയും കണ്ടന്നൂരിനെയും ബന്ധിപ്പിക്കുന്ന ഒരു പാലത്തിന്റെ നിർദ്ദേശം ഉയർന്നുവരികയും അതിനു കഴിഞ്ഞവർഷത്തെ ബഡ്ജറ്റിൽ 15 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളതുമാണ്. എന്നാൽ നിർമ്മാണപ്രവർത്തനം ആരംഭിക്കാതെ വന്നതിനെത്തുടർന്ന് ഈ വർഷം അതിനായി തുകയൊന്നും വക കൊള്ളിച്ചിട്ടില്ല. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് സ്ഥലം എം.എൽ.എ. ശ്രീ. ഡൊമിനിക് പ്രസന്റേഷനും ശ്രീ. സെബാസ്റ്റ്യൻ പോൾ എം.എൽ.എ.യും ഞാനുമൊക്കെ പല പ്രാവശ്യം അങ്ങേയ്ക്ക് നിവേദനങ്ങൾ നൽകുകയും ഈ പ്രശ്നം സംബന്ധിച്ച് ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതുവരെയായിട്ടും ഫണ്ട് അനുവദിച്ചിട്ടില്ല. അടിയന്തിരമായി ഫണ്ട് പ്രത്യേകമായി അനുവദിച്ചുതരാൻ ദയവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : കൊച്ചിക്കടുത്ത് ഒരു പ്രധാനപ്പെട്ട പാലം പണിയുന്നതിന്റെ ഭാഗമായി, ഒറ്റപ്പെട്ടു പോകുന്ന ഒരു സ്ഥലമാണിത്. അതുകൊണ്ട് അവിടത്തെ ആളുകൾ സ്വാഭാവികമായും ഈ പാലം പണിതുതരുമെന്നുള്ള ഉറപ്പുണ്ടെങ്കിലേ സമ്മതിക്കുകയുള്ളൂ എന്ന ഒരു സ്റ്റാന്റ് കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ എടുത്തു. അത് ഒരു പൊതു ആവശ്യമാണ്. അവർക്കു കൊടുത്തിട്ടുള്ള ഉറപ്പ് ഞാൻ പറഞ്ഞതാണ്. കഴിഞ്ഞ ബഡ്ജറ്റിൽ ഇതിന് തുക വകകൊള്ളിച്ചിട്ടുണ്ടായിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. ജോൺ ഫെർണാണ്ടസ് തുടങ്ങിയ എം.എൽ.എ.മാരും അവിടത്തെ കർമ്മ സമിതിയും എനിക്ക് നിവേദനം തന്നതാണ്. ഞാൻ അന്ന് ഉറപ്പു പറഞ്ഞതാണ്. നിശ്ചയമായും ഈ പാലം പണിക്കാവശ്യമായ പണം ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതാണ്.

(5) രാമമംഗലം പോലീസ് സ്റ്റേഷനതിർത്തിയിലെ തമ്പി എന്ന ആളുടെ ദുരൂഹമരണം

ശ്രീ. ടി.എം. ജേക്കബ് : എന്റെ നിയോജക മണ്ഡലത്തിലെ മടക്കാമുറ്റത്തിൽ മാണി തോമസിന്റെ മകൻ 28 വയസ്സുള്ള തമ്പിയെ 27.4.1999 മുതൽ കാണാതായി. 27-ാം തീയതി പുലർച്ചയ്ക്കു 3 മണിക്ക് അദ്ദേഹത്തിന്റെ പിതാവ് തോമസ് തമ്പിയെ കണ്ടതാണ്. എന്നും വെളുപ്പിന് 5 മണിക്ക്

LIBRARY ARCHIVES Kerala Legislative Assembly